# ഇഖ്ലാസ് നേടാനുള്ള മാർഗങ്ങൾ

ഇബ്നുൽ ഖയ്യിം അൽ ജൗസിയ്യ

ജനങ്ങളുടെ പ്രശംസ ഇഷ്ടപ്പെടുകയും അവരുടെ പക്കലുള്ളതിനോട് ആർത്തി കാണിക്കുകയും ചെയ്യുന്ന ഒരു ഹൃദയത്തിൽ ഇഖ്ലാസിന് കുടികൊള്ളുവാൻ സാധ്യമല്ല. വെള്ളവും തീയും ഒരുമിച്ച് കുടികൊള്ളുകയില്ലെന്ന പോലെ.

അതിനാൽ, ഇഖ്ലാസ് കരസ്ഥമാക്കാൻ നിൻെറ മനസ്സ് നിന്നോട് ആവശ്യപ്പെടുകയാണെങ്കിൽ, ആദ്യമായി നീ അത്യാഗ്രഹത്തിലേക്ക് തിരിയുക. എന്നിട്ട്, നിരാശയുടെ കത്തിയുപയോഗിച്ച് അതിനെ കശാപ്പ് ചെയ്യുക. ശേഷം, പ്രശംസയോടുള്ള സ്നേഹത്തിലേക്ക് തിരിയുക. എന്നിട്ട്, ഇഹലോകപ്രേമികൾ പരലോകത്തെ അവഗണിച്ചതു പോലെ നീ അതിനെ അവഗണിക്കുക. അത്യാഗ്രഹത്തെ കശാപ്പ് ചെയ്യുന്നതിലും, പ്രശംസയോടുള്ള ഇഷ്ടത്തെ അവഗണിക്കുന്നതിലും നീ വിജയിച്ചാൽ, ഇഖ്ലാസ് നിനക്ക് എളുപ്പമാകും.

"എങ്ങനെയാണ് അത്യാഗ്രഹത്തെ കശാപ്പ് നടത്തുകയും, പ്രശംസയോടുള്ള ഇഷ്ടത്തെ അവഗണിക്കുകയും ചെയ്യുക?" എന്ന് നീ എന്നോട് ചോദിക്കുകയാണെങ്കിൽ, ഞാൻ പറയും: ഏതൊരു കാര്യം നീ ആഗ്രഹിക്കുകയാണെകിലും, ആ ആഗ്രഹിക്കുന്ന വസ്തുവും അതിൻെറ ഖജനാവും അല്ലാഹുവിൻെറ കൈയിൽ മാത്രമാണെന്നും, അതിൽ നിന്നും അടിയാന് നൽകുന്നവൻ അവൻ മാത്രമാണെന്നും നീ ഉറച്ചു വിശ്വസിക്കണം. അതിലൂടെ നിനക്ക് അത്യാഗ്രഹത്തെ കശാപ്പ് ചെയ്യാം.

അല്ലാഹുവിൻെറ പ്രശംസയും ആക്ഷേപവും ഒഴികെ മറ്റൊരാളുടെയും പ്രശംസ സ്വന്തത്തിന് ഉപകാരപ്പെടുകയില്ലെന്നും, ആക്ഷേപം സ്വന്തത്തിന് ദോഷം ചെയ്യുകയില്ലെന്നും ഉറച്ചു വിശ്വസിച്ചാൽ പ്രശംസയോടുള്ള സ്നേഹത്തെ നിനക്ക് അവഗണിക്കാൻ സാധിക്കും. ഒരിക്കൽ ഗ്രാമീണനായ ഒരറബി റസൂലിനോട് പറഞ്ഞു, "എൻെറ പ്രശംസക്ക് പാത്രമായവൻ അലംകൃതനാകുകയും, എൻെറ ആക്ഷേപത്തിന് പാത്രമായവൻ അനലംകൃതനാകുകയും ചെയ്തിട്ടുണ്ട്."

അപ്പോൾ നബി പറഞ്ഞു, "അത് അല്ലാഹുവിനുള്ളതാണ്"

അതിനാൽ, നിന്നെ അലംകൃതനാക്കാത്ത ഒരാളുടെ പ്രശംസയെയും നിനക്ക് യാതൊരു ദോഷവും ചെയ്യാത്ത ഒരാളുടെ ആക്ഷേപത്തെയും നീ അവഗണിച്ചു

കളയുക. ശേഷം, അലംകൃതനാക്കുന്ന പ്രശംസയുടെയും ഉപദ്രവുണ്ടാക്കുന്ന ആക്ഷേപത്തിൻെറയും ഉടമസ്ഥനിൽ നിന്നും നീ പ്രശംസ ആഗ്രഹിക്കുക. ക്ഷമയും ദൃഢതയും ഉണ്ടെങ്കിൽ മാത്രമേ ഇത് നേടാൻ സാധിക്കുകയുള്ളൂ. ക്ഷമയും ദൃഢതയും നിനക്ക് നഷ്ടപ്പെടുമ്പോൾ, നീ കപ്പലില്ലാതെ കടലിലൂടെ യാത്ര ചെയ്യാൻ ആഗ്രഹിക്കുന്നവനെ പോലെയാകും.”

അല്ലാഹു പറഞ്ഞു,

فَٱصۡبِرۡ إِنَّ وَعۡدَ ٱللَّهِ حَقٌّۖ وَلَا يَسۡتَخِفَّنَّكَ ٱلَّذِينَ لَا يُوقِنُونَ

“ആകയാൽ നീ ക്ഷമിക്കുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. ദൃഢവിശ്വാസമില്ലാത്ത ആളുകൾ നിനക്ക് ചാഞ്ചല്യം വരുത്താതിരിക്കുകയും ചെയ്യട്ടെ.” (സൂറ. റൂം: 60)

وَجَعَلۡنَا مِنۡهُمۡ أَئِمَّةً يَهۡدُونَ بِأَمۡرِنَا لَمَّا صَبَرُواْۖ وَكَانُواْ بِـَٔايَٰتِنَا يُوقِنُونَ

“അവർ ക്ഷമ കൈക്കൊള്ളുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ദൃഢമായി വിശ്വസിക്കുന്നവരാകുകയും ചെയ്തപ്പോൾ അവരിൽ നിന്ന് നമ്മുടെ കൽപന അനുസരിച്ച് മാർഗദർശനം നൽകുന്ന നേതാക്കളെ നാം ഉണ്ടാക്കുകയും ചെയ്തു.” (സൂറ. സജദ: 24)

ഇബ്നുൽ ഖയ്യിമിൻെറ ‘അൽ ഫവാഇദ്’ (പേ: 221) എന്ന ഗ്രന്ഥത്തിൽ നിന്ന്

വിവ: മുഹമ്മദ് സിയാദ്